(ബി) ഏലമലക്കാടുകൾ സംരക്ഷിത വനമായി പ്രഖ്യാപിച്ചത് എന്നാണ് ; 2005 -ലെ ഇതുസംബന്ധമായ സുപ്രീം കോടതി വിധി പ്രസ്താവം എന്തായിരുന്നു;

(സി) ശ്രീ. രാജൻ മധേക്കർ റിപ്പോർട്ടിലെ ഏലമലക്കാടുകൾ സംബന്ധിച്ച കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു; നിലവിൽ ഏലമലക്കാടിൽ എത്ര പട്ടയങ്ങൾ വ്യാജമായി നൽകപ്പെട്ടതായി കണ്ടെത്തുകയുണ്ടായി;

(ഡി) ഏലമലക്കാടുകളെ റവന്യൂ ഭൂമിയായി മാറ്റുന്നതിന് എന്തെങ്കിലും നടപടി നിലവിലുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ശ്രീ. രാജൻ മധേക്കർ റിപ്പോർട്ടിൽ ഏലമലക്കാടുകൾ സംബന്ധിച്ച് യാതൊരു പരാമർശവും ഇല്ല. ബാധകമല്ല.

(ഡി) 1956 നവംബർ 1-ന് ഏലമലക്കാടുകൾ ഉൾപ്പെടുന്ന ഉടുമ്പൻചോല താലൂക്ക് രൂപം കൊള്ളുമ്പോൾ മുഴുവൻ ഭൂമിയും റവന്യൂ ഭരണത്തിൻകീഴിലായിരുന്നു.

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

194 (1275) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഭാഗമായി ഭൂമിയില്ലാത്തവരായി എത്രപേരെ കണ്ടെത്തിയിട്ടുണ്ടെന്നും അവരിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേരുണ്ടെന്നും വിശദമാക്കുമോ;

(ബി) ഇവരിൽ ഇതുവരെ എത്രപേർക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്നും ഇനി എത്ര പേർക്ക് ഭൂമി വിതരണം ചെയ്യാനുണ്ടെന്നും പറയാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് ഭൂമി ഇല്ലാത്തവർക്ക് ഭൂമി നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) മുമ്പ് വിതരണം ചെയ്ത ഭൂമി വാസയോഗ്യമല്ലെന്ന് കണ്ടെത്തിയ പരാതികൾ പരിഗണിച്ച് പരാതിക്കാർക്ക് വാസയോഗ്യമായ ഭൂമി നൽകുന്നത് എപ്പോൾ പൂർത്തിയാക്കുവാൻ കഴിയുമെന്ന് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ദ്രരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഗുണഭോക്താക്കളായി 2,43,928 ദ്രരഹിത കുടുംബങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ ഉൾപ്പെടുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

ജില്ല	പട്ടികജാതിക്കാർ	പട്ടികവർഗ്ഗക്കാർ
തിരുവനന്തപുരം	6,585	34
കൊല്ലം	3,363	19
പത്തനംതിട്ട	1,779	68
ആലപ്പുഴ	1,513	86
കോട്ടയം	1,115	119
ഇടുക്കി	2,543	63
എറണാകുളം	4,128	182
തൃശ്ശൂർ	4,792	23
പാലക്കാട്	4,229	311
മലപ്പുറം	3,695	195
കോഴിക്കോട്	456	15
വയനാട്	285	862
കണ്ണൂർ	799	73
കാസർഗോഡ്	566	176
ആകെ	35,848	2,226

LIBRARY ARCHIVES Kerala Legislative Assembly

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട 7291 ഗുണഭോക്താക്കൾക്കും പട്ടിക വർഗ്ഗത്തിൽപ്പെട്ട 495 ഗുണഭോക്താക്കൾക്കും പദ്ധതി പ്രകാരം ഇതുവരെ ഭൂമി അനുവദിച്ചിട്ടുണ്ട്. 28557 പട്ടികജാതി ഗുണഭോക്താക്കൾക്കും 1731 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കും ഭൂമി നൽകാനുള്ളതായി കാണുന്നു.

(സി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള അർഹരായ മുഴുവൻ ഭൂരഹിത കുടുംബങ്ങൾക്കും ഭൂമി നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ഡി) വീട് വയ്ക്കാൻ അനുയോജ്യമായ ഭൂമിയാണ് പദ്ധതി പ്രകാരം നൽകുന്നത്. എന്നാൽ അനുവദിച്ച ഭൂമി വാസയോഗ്യമല്ലായെന്ന് പരാതി ഉണ്ടായിട്ടുള്ള കേസുകളിൽ അവ പരിശോധിച്ച് ഭൂമി മാറ്റി നൽകുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർമാർ സ്വീകരിച്ചുവരുന്നുണ്ട്.

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

195 (1276) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരില്ലാത്ത കേരളം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്, വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഭൂരഹിതരായ കുടുംബങ്ങൾക്ക് 3 സെന്റ് ഭൂമി വീതം നൽകി കേരളത്തെ ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തിനായി രൂപം കൊടുത്തിട്ടുള്ള പദ്ധതിയാണ് ഭൂരഹിതരില്ലാത്ത കേരളം പദ്ധതി. വിവിധ ഘട്ടങ്ങളായിട്ടാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. സ്വന്തമായി ഭൂമി ഇല്ലാത്തതും വാർഷിക വരുമാനം 75,000 രൂപയിൽ താഴെയുള്ളതുമായ ഭൂരഹിത കുടുംബങ്ങൾക്ക് വീട് വയ്ക്കുന്ന ആവശ്യത്തിലേയ്ക്കായി 3 സെന്റ് ഭൂമി വീതം പതിച്ചുകൊടുത്തുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly